LIBRARY ARCHIVES Kerala Legislative Assembly

കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾക്ക് ഭൂമി

7(1995) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി, മാങ്കുളം വൈദ്യുത പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾക്ക് ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) കൃഷിയെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ആദിവാസികൾക്ക് പാറക്കല്ലുകളും മലഞ്ചരിവുകളുമുള്ള ഭൂമി വാങ്ങി നൽകിയതായും തന്മൂലം അവരുടെ ജീവിതം ദുരിതത്തിലായെന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അവർക്ക് കൃഷിയോഗ്യമായ ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ മാങ്കുളം ജലവൈദ്യുത പദ്ധതിയുടെ നടത്തിപ്പിനായി കുറത്തിക്കുടിയിലുള്ള 10 ആദിവാസി കുടുംബങ്ങളിൽ നിന്നും ഏറ്റെടുത്ത 7.61 ഏക്കർ ഭൂമിക്ക് പകരം പുനരധിവാസ പാക്കേജിന്റെ ഭാഗമായി ഭൂമി നൽകുന്നതിനുവേണ്ടി ഇടുക്കി ജില്ലയിലെ മന്നാംകണ്ടം വില്ലേജിലെ 10 - മൈലിനടുത്തുള്ള 7.61 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി. ഏറ്റെടുത്തിട്ടുണ്ട്. ഈ സ്ഥലം അർഹരായ ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുവാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

ഇടുക്കി പദ്ധതിയുടെ ഓഗ്മെന്റേഷൻ പദ്ധതിയായ വടക്കേപ്പുഴ ഡൈവേർഷൻ പദ്ധതിയ്ക്കായി 2 ആദിവാസി കുടുംബങ്ങൾക്ക് 25 സെന്റ് ഭൂമി വീതം പകരം നൽകിയിട്ടുണ്ട്.

(ബി&സി) വാർത്തകൾ വാസ്തവ വിരുദ്ധമാണ്. ഇടുക്കി ജില്ലയിലെ മാങ്കുളം ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായി പകരം ഭൂമി തെരഞ്ഞെടുത്ത് ഡിസ്ട്രിക് ട്രൈബ്യൂണൽ ഡെവലപ്മെന്റ് ഓഫീസറും ജനപ്രതിനിധികളും ഗുണഭോക്താക്കളായ ആദിവാസികളും ചേർന്നുള്ള സമിതിയാണ്. കൂടാതെ ആദിവാസികൾ നേരിൽ കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ സ്ഥലം ഏറ്റെടുത്തത്.

എ.പി.ടി.എസ്. സ്റ്റാന്റുകളുടെ പ്രവർത്തനം

8(1996) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര യൂണിറ്റ് വൈദ്യുതി മോഷണം തെറ്റ് സ്റ്റാന്റ് കണ്ടുപിടിച്ചു : എത്ര ഫൈൻ ഈടാക്കി ; കണ്ടുപിടിച്ചതിൽ

എത്ര പേരെ ഒഴിവാക്കി ; ഇവയിൽ എത്ര കേസ്സുകൾ കോടതിയുടെ പരിഗണനയിലുണ്ട് ; പ്രസ്തുത കേസ്സുകളിൽ വൈദ്യുതി ബോർഡ് എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ, ഗാർഹിക ഉപഭോക്താക്കൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഈ സർക്കാർ കാലയളവിൽ എത്ര കാർഷിക വൈദ്യുതി കണക്ഷൻ സംസ്ഥാനത്ത് 2012 മുതൽ 2015 വരെ ഓരോ വർഷവും ഉണ്ടായിരുന്നു ; പ്രസ്തുത മേഖലയിൽ എത്ര വൈദ്യുതി മോഷണ കേസ്സുകൾ പിടിക്കൂടി ; എത്ര കണക്ഷനുകൾ റദ്ദാക്കി, എത്ര ഫൈൻ തുക ഇവയിൽനിന്നു ലഭിച്ചു ; വിവിധ കോടതികളിൽ എത്ര കേസ്സുകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇതിനായി നിയോഗിച്ച എ.പി.റ്റി.എസ്. സ്ക്വാഡുകൾക്ക് ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര തുകയുടെ ഉപകരണങ്ങൾ വാങ്ങി ; ഇനിയും വാങ്ങേണ്ട ഉപകരണങ്ങൾ ഏതെല്ലാം ; ഇതിനായി എത്ര തുക ചെലവാക്കി ; ഇനിയും എത്ര തുകയുടെ ആവശ്യകതയുണ്ട് ; ജീവനക്കാർക്ക് ശമ്പളം റ്റി.എ./വാഹന ചെലവുകൾ എന്നിവക്കായി എത്ര തുക ചെലവാക്കി എന്നു വ്യക്തമാക്കുമോ ?

(ഇ) എ.പി.റ്റി.എസ് സ്ക്വാഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുക ?

ഉത്തരം

(എ) ഓരോ വർഷവും മോഷണം നടന്നതും കണ്ടുപിടിച്ചതുമായ വൈദ്യുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	മോഷണം നടന്ന വൈദ്യുതി യൂണിറ്റ്	ഈടാക്കിയ ഫൈൻ (രൂപ)
2011 (18-5-2011 മുതൽ)	1445417	17373302
2012	2258503	23879538
2013	2436110	28678824
2014	4360755	64311564
2015 (മെയ് 2015 വരെ)	1776268	15349264

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി മോഷണം കണ്ടുപിടിച്ചതിൽ ആരേയും ഒഴിവാക്കിയിട്ടില്ല. 41 കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്. പ്രസ്തുത കേസുകളിൽ കോടതി നടപടികളിൽ എത്രയും വേഗം തീർപ്പുണ്ടാക്കി പിഴ ഇുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് നടപടി എടുത്തിട്ടുള്ള സ്ഥാപനങ്ങളേയും വ്യക്തികളേയും കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* മോഷണയുക ഈടാക്കുന്നതിന് കോടതി നടപടികൾ ത്വരിതപ്പെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	കാർഷിക വൈദ്യുത കണക്ഷനുകളുടെ എണ്ണം
2012-13	449180
2013-14	455414
2014-15	441076
2015-16	437125

പ്രസ്തുത മേഖലയിൽ 431 വൈദ്യുതി മോഷണ കേസുകൾ പിടികൂടി. ഒരു കണക്ഷനും റദ്ദാക്കിയിട്ടില്ല. 2,12,57,460 രൂപ ഫൈനായി ലഭിച്ചിട്ടുണ്ട്. കോടതികളിൽ 7 കേസുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	വൈദ്യുതിമോഷണ കേസുകളുടെഎണ്ണം	ഈടാക്കിയ ഫൈൻ	നിലവിള്ള കേസുകൾ
(1)	(2)	(3)	(4)
തിരുവനന്തപുരം	17	654742	...
കൊല്ലം	49	1370792	...
ആലപ്പുഴ	27	690485	...
പത്തനംതിട്ട	8	126937	...

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
കോട്ടയം	28	1050683	2
എറണാകുളം	43	2281053	
തൃശ്ശൂർ	45	3396558	...
ഇടുക്കി	37	4829932	1
മലപ്പുറം	69	2352062	...
വയനാട്	16	1109395	...
പാലക്കാട്	70	2676069	4
കോഴിക്കോട്	15	337797	...
കണ്ണൂർ	2	183478	...
കാസർഗോഡ്	5	197477	...
ആകെ	431	21257460	7

(ഡി) 2013-ൽ 1,24,542 രൂപയുടേയും 2015-ൽ 20,60,048 രൂപയുടേയും ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

ഇനിയും വാങ്ങേണ്ട ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

എൽ.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ 4 എണ്ണം

എച്ച്.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ 5 എണ്ണം

ഇതിനായി ഇതുവരെ തുക ചെലവാക്കിയിട്ടില്ല. അവ വാങ്ങുന്നതിനായി 59,08,500 രൂപയുടെ ആവശ്യമുണ്ട്. ജീവനക്കാർക്ക് ശമ്പളം, റ്റി.എ./ഡി.എ., വാഹന ചെലവുകൾ എന്നിവയ്ക്കായി ചെലവാക്കിയ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ജീവനക്കാർക്ക് നൽകിയ ശമ്പളം	റ്റി.എ.	ഡി.എ.	വാഹന ചെലവ്
2011	2,22,32,620	4,83,668	...	33,90,382
2012	3,23,03,683	9,64,145	...	34,66,756
2013	3,98,81,931	11,60,335	...	34,75,866
2014	4,56,01,394	12,84,553	...	38,53,160
2015 (5/15) വരെ	2,28,57,753	3,92,983	...	17,17,293
	16,28,77,381	42,85,734	...	1,59,03,457

(ഇ) എ.പി.റ്റി.എസ്. സ്വാഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും പരിശോധനയിലെ കൃത്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി അതിനൂതനമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും അവധി ദിവസങ്ങളിലും, രാത്രികാലങ്ങളിലും കൂടുതൽ പരിശോധനകൾ നടത്തുന്നതിനും, എ.പി.റ്റി.എസ്സിന്റെ നിലവിലുള്ള എല്ലാ സ്വാഡുകളേയും ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക സ്ഥലങ്ങളിലെ കേന്ദ്രീകൃത പരിശോധന ഊർജ്ജിതപ്പെടുത്തുന്നതിനും, പ്രവർത്തന മികവിനായി ആലപ്പുഴ, പത്തനംതിട്ട ജില്ലകൾക്ക് പൊതുവായുണ്ടായിരുന്ന തിരുവല്ല സ്വാഡിനെ വിഭജിച്ച് ആലപ്പുഴ ജില്ലയ്ക്ക് മാത്രമായി 14-ാമത് സ്വാഡ് രൂപീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജല വൈദ്യുത പദ്ധതികൾ

9(1997) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ജല വൈദ്യുതപദ്ധതികൾ കമ്മീഷൻ ചെയ്തുവെന്ന് വിശദമാക്കാമോ ?

ഉത്തരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 15.25 മെഗാവാട്ട് വൈദ്യുത ശൃംഖലയിലേയ്ക്ക് കൂട്ടിചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly